(ബി) അന്വേഷണം ഫലപ്രദമല്ലെന്നും അനാവശ്യമായി കാലതാമസം ഉണ്ടാക്കുന്നുവെന്നും കാണിച്ച് ആക്ഷൻ കൗൺസിൽ സമരം ആരംഭിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) അന്വേഷണം ത്വരിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്രൈംബ്രാഞ്ച് കോട്ടയം യൂണിറ്റ്

(ബി) ഉണ്ട്.

(സി) ലോക്കൽ പോലീസിൽ നിന്ന് ക്രൈം 261/സി.ആർ/99-ാം നമ്പരായി റീ നമ്പർ ചെയ്ത് കോട്ടയം ക്രൈംബ്രാഞ്ച് യൂണിറ്റ് ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്.

പോലീസ് ഉദ്യോഗസ്ഥർ ബാർ റെയ്ഡ് ചെയ്ത നടപടി

59 (65) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോട്ടയം ജില്ലയിൽ മണർകാട് 'മൊണാർക്ക്' ബാറിൽ 13-3-2000-ൽ പോലീസ് റെയിഡ് നടത്തിയിരുന്നുവോ ;

(ബി) എങ്കിൽ ആരുടെ എല്ലാം നേതൃത്വത്തിലാണ് റെയിഡ് നടത്തിയത് ;

(സി) അധികാരപരിധി വിട്ട് പോലീസ് ഉദ്യോഗസ്ഥന്മാർ റെയ്ഡിൽ പങ്കെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ സാഹചര്യം എന്ത് ; ആരുടെ നിർദ്ദേശപ്രകാരമാണ് അധികാര പരിധിയുടെ പുറത്തു നിന്നും ഉദ്യോഗസ്ഥന്മാർ റെയിഡിൽ പങ്കെടുത്തത് ;

(ഇ) ആരുടെ എങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ റെയിഡ് നടത്തിയത്;

(എഫ്) എങ്കിൽ ആരുടെ പരാതി എന്നും എന്ത് പരാതി എന്നും വെളിപ്പെടുത്താമോ ;

(ജി) ഈ റെയിഡിൽ എന്തെല്ലാം കുറ്റങ്ങൾ കണ്ടുപിടിച്ചെന്നും, അതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(എച്ച്) 2000 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ കോട്ടയം ജില്ലയിൽ പോലീസ് എത്ര ബാറുകളിൽ ഇതുപോലെ റെയിഡ് നടത്തി എന്ന് വ്യക്തമാക്കാമോ ;.

(ഐ) മോണാർക്ക് ബാറിൽ നിന്നും അറസ്റ്റ് ചെയ്തവരുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തത് ;

(ജെ) ഇവരെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കിയോ ;

(കെ) എങ്കിൽ അതിന്റെ വിശദ വിവരം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഇല്ലെങ്കിൽ വൈദ്യ പരിശോധന നടത്താതെ ഇരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(എം) ഇത് സംബന്ധിച്ച പരാതിയെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ;

(എൻ) എങ്കിൽ അന്വേഷണം നടത്തിയത് ആരെന്നും അതിന്റെ വിശദ വിവരങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഐ) കോട്ടയം ജില്ലാ സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് എ.എസ്.പി. (ട്രെയിനി) കോട്ടയം സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 13-3-2000-ൽ മൊണാർക്ക് ബാറിൽ റെയിഡു നടത്തി. മൊണാർക്ക് ബാറിൽ ചട്ടങ്ങൾക്കു വിരുദ്ധമായി മദ്യവില്പന നടത്തുന്നതായി രഹസ്യ വിവരം കിട്ടിയതിന്റെ അടി സ്ഥാനത്തിലാണ് റെയിഡ് നടത്തിയത്. മണർകാട് പോലീസ് സ്റ്റേഷനിൽ ക്രൈം 79/2000 നമ്പറായി യു/എസ് 56 (ബി) ഓഫ് അബ്കാരി ആക്ട് ആർ/ഡബ്ല്യൂ സെക്ഷൻ 15 ഓഫ് അമൻഡ്മെന്റ് ആക്ട് ആന്റ് 15 (സി) ഓഫ് അബ്കാരി ആക്ട് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്.

(ജെ-എൽ) പ്രതികളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഇക്കാര്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(എം & എൻ) പരാതിയൊന്നും ലഭിച്ചിട്ടില്ല.

പോലീസ് സ്റ്റേഷൻ ഉപരോധിച്ച സംഭവങ്ങൾ

60 (66) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31-5-2000 വരെ അറസ്റ്റ് ചെയ്ത പ്രതികളെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; എവിടെയെല്ലാം ;

(ബി) പോലീസ് കസ്റ്റഡിയിലായ സി.പി.ഐ.(എം)കാരെ വിട്ടു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു പോലീസ് സ്റ്റേഷൻ ഉപരോധിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ?

ഉത്തരം

(എ & ബി) ഒരു സംഭവം ; തിരുവനന്തപുരം (റൂറൽ) പോലീസ് ജില്ലയിൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ

ദേശീയ പണിമുടക്ക് ദിവസം ജോലിക്ക് ഹാജരായവരെ മർദ്ദിച്ച സംഭവം

61 (68) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly